നിതിൻ രാജിന്റെ മരണം: ഡോ.റാമിനു മുൻകൂർ ജാമ്യമില്ല

കൊച്ചി: കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളജ് വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ പ്രതിയായ അധ്യാപകൻ ഡോ.എം.റാമിനു മുൻകൂർ ജാമ്യമില്ല. ഡോ. റാമിനെതിരേ പ്രഥമദൃഷ്ട്യാ തെളിവുകളുണ്ടെന്നു ചൂണ്ടിക്കാട്ടി ഹൈക്കോടതി ജസ്റ്റിസ് എ.ബദറുദീനാണു മുൻകൂർ ജാമ്യഹർജി തള്ളിയത്.

നിതിൻ രാജിനെ ഡോ. റാം അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നെന്ന് വിദ്യാർഥികളക്കം മൊഴി നൽകിയിട്ടുണ്ട്. ഹർജിക്കാരനെതിരേ പട്ടികജാതി വർഗ പീഡനത്തിനും ആത്മഹത്യാപ്രേരണയ്ക്കും ചുമത്തിയ കുറ്റങ്ങൾ പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതിനാൽ വിശദമായ അന്വേഷണം ആവശ്യമാണ്. പ്രതിയെ അറസ്റ്റ് ചെയ്യുന്നതടക്കം തുടർനടപടികൾ അന്വേഷണ ഉദ്യോഗസ്ഥന് സ്വീകരിക്കാമെന്നും കോടതി പറഞ്ഞു.

ഹർജിക്കാരൻ അധിക്ഷേപിച്ചിട്ടില്ലെന്നും ലോൺ ആപ്പിൽ നിന്നെടുത്ത വായ്പയുടെ തിരിച്ചടവ് മുടങ്ങിയതിലെ ഭീഷണിയാണ് നിതിന്റെ മരണകാരണമെന്നുമായിരുന്നു മുൻകൂർ ജാമ്യഹർജി നൽകിയ ഡോ. റാമിന്റെ വാദം. കേവലം 15,000 രൂപയുടെ വായ്പയുടെ പേരിൽ ആത്മഹത്യ ചെയ്തെന്ന വാദം ഉൾക്കൊള്ളാനാകില്ലെന്ന് വ്യക്തമാക്കിയ കോടതി ഹർജി തള്ളുകയായിരുന്നു. ഏപ്രിൽ 10ന് പ്രിൻസിപ്പലിന്റെ മുറിയിൽ ചോദ്യം ചെയ്തതിന് പിന്നാലെയാണ് നിതിൻ രാജ് ജീവനൊടുക്കിയത്.

മെഡിക്കൽ കോളജുകളിൽ ചില അധ്യാപകരുടെ ക്രൂരപീഡനത്തിനും അപമാനത്തിനും വിദ്യാർഥികൾ ഇരകളാകുന്നുണ്ടെന്നും കോടതി പറഞ്ഞു. ഇന്റേണൽ മാർക്കിന്റെ പേരിൽ കുട്ടികൾ പ്രതികരിക്കാറില്ലെന്നു മാത്രം. ഭൂരിപക്ഷം വരുന്ന നല്ല അധ്യാപകർക്കും സമൂഹത്തിനും ഇവർ ഭീഷണിയാണ്. ഹൗസ് സർജന്മാരേയും പി.ജി. വിദ്യാർഥികളേയും രാപ്പകൽ ജോലിചെയ്യിക്കുന്ന പതിവുണ്ട്. ഉറങ്ങാനോ ഭക്ഷണം കഴിക്കാനോ ഇവർക്ക് കഴിയാറില്ല. ഇത്തരം കാര്യങ്ങളിൽ ഭയംകൂടാതെ പരാതിപ്പെടാൻ സ്വതന്ത്ര പരാതി പരിഹാര സംവിധാനമുണ്ടാകണം. ഇന്ത്യൻ മെഡിക്കൽ കമ്മിഷനും കേന്ദ്ര-സംസ്ഥാന സർക്കാരുകളും സർവകലാശാലകളും ഇതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും കോടതി പറഞ്ഞു. മാധ്യമങ്ങൾക്കുള്ള അവകാശങ്ങളെ അടിച്ചമർത്തുന്നതു പൊതുജന താൽപര്യത്തിനും ജനാധിപത്യത്തിന്റെ സ്ഥിരതയ്ക്കും ഹാനികരമായിരിക്കുമെന്നും കോടതി പറഞ്ഞു. മാധ്യമ വിചാരണയുടെ ഇരയാണ് ഹർജിക്കാരനെന്ന വാദത്തിന് മറുപടിയായിട്ടായിരുന്നു പ്രതികരണം.

സർക്കാറിന്റെ വിശദീകരണം തേടി

കൊച്ചി: കൊല്ലം തെന്മലയിലെ വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് നേരെയുണ്ടായ അതിക്രമത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തു. വൃദ്ധസദനം നടത്തിപ്പുകാരൻ തന്നെ പീഡിപ്പിച്ചെന്ന മാധ്യമ വാർത്തകൾ അമിക്കസ് ക്യൂറി വി.രാംകുമാർ നമ്പ്യാർ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് വിഷയം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ച് വിഷയം സ്വമേധയാ ഹർജിയായി പരിഗണിച്ചത്. തുടർന്ന് സർക്കാറിന്റെ വിശദീകരണം തേടി. തെന്മലയിലെ വൃദ്ധസദനം ലൈസൻസ് പോലുമില്ലാതെയാണ് പ്രവർത്തിച്ചതെന്നും അവിടെ അന്തേവാസികൾ പീഡനത്തിനിരയാകുന്ന വിവരം പോലീസ് പോലും അറിഞ്ഞില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടവർ തന്നെ മുഖം തിരിക്കുകയാണ്.

രാധാ തേവന്നൂരിന് എ.സി.ബി.എസ്.പി. റീജണൽ ചെയർപഴ്സൺ

കൊച്ചി: എസ്.സി.എം.എസ്. ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. രാധ തേവന്നൂർ എ.സി.ബി.എസ്.പി. കൗൺസിൽ ഓഫ് റീജിയണൽ ചെയേഴ്സിന്റെ ചെയർപേഴ്സണായും എ.സി.ബി.എസ്. പി. റീജിയൺ 10 (ദക്ഷിണേഷ്യ കൗൺസിൽ) ചെയർപേഴ്സണായും നിയമിതയായി.
ബിസിനസ് വിദ്യാഭ്യാസത്തിനായുള്ള ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ട അക്രഡിറ്റിംഗ് ബോഡിയായ അക്രഡിറ്റേഷൻ കൗൺസിൽ ഫോർ ബിസിനസ് സ്കൂൾസ് ആൻഡ് പ്രോഗ്രാമുകളുടെ (എ.സി.ബി.എസ്.പി.) ഏറ്റവും ഉയർന്ന റാങ്കിലുള്ള നേതൃത്വ സ്ഥാനത്തേക്കാണ് ഈ നിയമനം.
കൗൺസിൽ ഓഫ് റീജിയണൽ ചെയേഴ്സിന്റെ ചെയർപേഴ്സൺ എന്ന നിലയിൽ, ലോകമെമ്പാടുമുള്ള ബിസിനസ് വിദ്യാഭ്യാസത്തിൽ മികവ് പുലർത്തുന്നതിന് നേതൃത്വവും തന്ത്രപരമായ ദിശാബോധവും നൽകുന്ന എ.സി.ബി.എസ്.പിയുടെ ആഗോള ശൃംഖലയെ പ്രതിനിധീകരിക്കുന്ന പത്ത് റീജിയണൽ കൗൺസിൽ ചെയർപേഴ്സണുകളുടെ പ്രിൻസിപ്പൽ ഓഫീസറായി ഡോ. രാധ തേവന്നൂർ പ്രവർത്തിക്കും.

● അഡ്വാൻസ്ഡ് ഗ്രോഹെയർ ആൻഡ് ഗ്ലോസ്കിൻ ക്ലിനിക്കിന്റെ കൊച്ചി കലൂർ ബ്രാഞ്ച് കേരള ഹൈക്കോടതി അഭിഭാഷകൻ ബിജു ബാലകൃഷ്ണൻ റിബൺ മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. ചലച്ചിത്രതാരം നൂറിൻ ഷെരീഫ്, ബ്രാൻഡ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ശരൺ വേൽ ജെ എന്നിവർ സമീപം.

അഡ്വാൻസ്ഡ് ഗ്രോഹെയർ ഗ്ലോസ്കിൻ ക്ലിനിക്ക് കൊച്ചിയിൽ

കൊച്ചി: ഹെയർ-സ്കിൻ കെയർ മേഖലയിലെ പ്രമുഖ ശൃംഖലയായ അഡ്വാൻസ്ഡ് ഗ്രോഹെയർ ഗ്ലോസ്കിൻ ക്ലിനിക്കിന്റെ ഏറ്റവും പുതിയ ശാഖ കൊച്ചി എംജി റോഡിൽ നിന്നും കലൂരിൽ പ്രവർത്തനമാരംഭിച്ചു. കലൂർ സ്റ്റേഡിയം ലിങ്ക് റോഡിലെ പി.എം. സ്കയറിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി അഭിഭാഷകൻ ബിജു ബാലകൃഷ്ണൻ മുഖ്യാതിഥിയായി.
സിനിമതാരം നൂറിൻ ഷെരീഫ്, അഡ്വാൻസ്ഡ് ഗ്രോഹെയർ ഗ്ലോസ്കിൻ ക്ലിനിക്കിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ശരൺ വേൽ ജെ, റിട്ടയേർഡ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ ജയകുമാർ ചന്ദ്രമോഹൻ, ഫ്രാഞ്ചൈസി പങ്കാളി അനിത നവീൻ ശങ്കർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സംസ്കൃത സർവകലാശാലയുടെ രജിസ്ട്രാറായി ഡോ. ടി. എസ്. ലാൻസ്‌ലെറ്റ് ചുമതലയേറ്റു

കൊച്ചി: ശ്രീശങ്കരാചര്യ സംസ്കൃത സർവകലാശാലയുടെ രജിസ്ട്രാറായി ഡോ. ടി. എസ്. ലാൻസ്‌ലെറ്റ് ചുമതലയേറ്റു. സർവകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ ജ്യോഗ്രഫി വിഭാഗം സീനിയർ പ്രൊഫസറാണ്. രജിസ്ട്രാറായിരുന്ന ഡോ. മോത്തി ജോർജ് ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലേക്ക് തിരിച്ചുപോയ ഒഴിവിലാണ് വൈസ് ചാൻസലർ ഡോ. സിസ തോമസ് ഡോ. ടി. എസ്. ലാൻസ്‌ലെറ്റിന് രജിസ്ട്രാറുടെ താല്ക്കാലിക ചുമതല നല്കിയത്. 1997ൽ സർവകലാശാലയുടെ ജ്യോഗ്രഫി വിഭാഗത്തിൽ അധ്യാപികയായി സർവീസിൽ പ്രവേശിച്ച ഡോ. ടി. എസ്. ലാൻസ്‌ലെറ്റ്, സിൻഡിക്കേറ്റ് അംഗവും ഗവേഷണ മാർഗദർശിയും 20 വർഷം ജ്യോഗ്രഫി വിഭാഗം അധ്യക്ഷയുമായിരുന്നു. ഡെക്കാൺ ജ്യോഗ്രഫിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റായ ഡോ. ലാൻസ്‌ലെറ്റിന്റെ 37 പ്രബന്ധങ്ങൾ വിവിധ അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസിന് പുരസ്കാരം

കൊച്ചി: വിദേശകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ പാസ്പോർട്ട് സേവാ പുരസ്കാരത്തിന് കീഴിൽ 202526 വർഷത്തിൽ കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസ് (ആർപിഒ) ഇന്ത്യയിലെ മികച്ച പാസ്പോർട്ട് ഓഫീസ് ആയി തിരഞ്ഞെടുക്കപ്പെട്ടു. ന്യൂഡൽഹിയിൽ നടന്ന പാസ്പോർട്ട് സേവാ ദിവസ് ആഘോഷങ്ങളിലും റീജിയണൽ പാസ്പോർട്ട് ഓഫീസർമാരുടെ സമ്മേളനത്തിലും വിദേശകാര്യ മന്ത്രി ഡോ. സുബ്രഹ്മണ്യം ജയ്ശങ്കർ പുരസ്കാരം കൊച്ചിയിലെ റീജിയണൽ പാസ്പോർട്ട് ഓഫീസർ ദിപിൻ പി.ആറിന് സമ്മാനിച്ചു. പാസ്പോർട്ട് ഓഫീസുകളുടെ കാര്യക്ഷമത വിലയിരുത്തുന്നതിന് ഉപയോഗിക്കുന്ന മിക്കവാറും എല്ലാ പ്രധാന പ്രകടന മാനദണ്ഡങ്ങളിലും കൊച്ചിയിലെ ആർപിഒ മികവ് പുലർത്തി. അപ്പോയിന്റ്മെന്റ് ലഭ്യത, പാസ്പോർട്ട് അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് എടുക്കുന്ന സമയം, പരാതി പരിഹാരം, പാസ്പോർട്ട് ഇഷ്യൂവിന്റെ വേഗത, ജീവനക്കാരുടെ ഉൽപ്പാദനക്ഷമത, പെൻഡൻസി മാനേജ്മെന്റ്, പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിൽ നിന്നുള്ള ഫയൽ വർദ്ധനവ് കുറയ്ക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കേരള ബജറ്റ് സ്വാഗതാർഹം: എം.പി. അഹമ്മദ്

കോഴിക്കോട്: സംസ്ഥാന ബജറ്റ് സ്വാഗതാർഹമാണെന്നു മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ്. കേരളത്തിന്റെ വികസനത്തിന് ഉതകുന്ന നിരവധി പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ, ഇതു നടപ്പാക്കുന്നതിനുള്ള വിഭവശേഷി കണ്ടെത്തുകയും അത് സുതാര്യമായ രീതിയിൽ വിനിയോഗിക്കുകയും ചെയ്യുകയെന്നതാണ് ഏറ്റവും പ്രധാനം. എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള ബജറ്റാണിത്. ക്ഷേമ പദ്ധതികൾക്കും മുൻതൂക്കം നൽകിയിട്ടുണ്ട്. ബജറ്റിൽ വിഭാവനം ചെയ്യുന്നത്പോലെയുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയാൽ അതു ഭാവി കേരളത്തിനു വലിയ മുതൽക്കൂട്ടാകും. സ്വർണ ഉപഭോഗത്തിൽ ഏറ്റവും മുന്നിലുള്ള കേരളത്തെ ഗോൾഡ് ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികളെ സ്വാഗതംചെയ്യുന്നു. ഇതു കേരളത്തിൽ വലിയ തോതിൽ നിക്ഷേപം സാധ്യമാക്കും. സ്വർണ വിനിമയകേന്ദ്രവും ആഭരണനിർമ്മാണ പാർക്കും സ്ഥാപിക്കുന്നതോടെ ഗുണമേന്മയുള്ള ആഭരണങ്ങൾ ഇവിടെതന്നെ നിർമ്മിച്ച് അത് ആഗോളാടിസ്ഥാനത്തിൽ വിൽപ്പന നടത്താനാകും. വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടും അദ്ദേഹം പറഞ്ഞു.

കുതിപ്പേകുന്ന ബജറ്റ്: ഫിക്കി

കൊച്ചി: നിക്ഷേപ-വ്യവസായ-സാമ്പത്തിക മേഖലകൾക്കു വൻ കുതിപ്പേകുന്നതും സമഗ്ര സാമ്പത്തിക വളർച്ച ലക്ഷ്യമിടുന്നതുമാണു പുതിയ ബജറ്റെന്നു ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ. മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ അവതരിപ്പിച്ച ബജറ്റ് വികസനോന്മുഖമാണെന്നും ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വി.പി. നന്ദകുമാർ വിലയിരുത്തി. പ്രധാന തുറമുഖങ്ങളായ വിഴിഞ്ഞത്തെയും വല്ലാർപാടത്തെയും ഒപ്പം നാല് ചെറുകിട തുറമുഖങ്ങളെയും ബന്ധിപ്പിച്ചു തീരദേശ കപ്പൽ ഗതാഗതത്തിനും നാവിക വികസനത്തിനും മുൻഗണന നൽകുന്ന മിഷൻ സമുദ്ര പദ്ധതി ബജറ്റിന്റെ പ്രധാന സവിശേഷതയാണ്. കേരളത്തെ ഒരു ഏകീകൃത പോർട്ട് സിറ്റിയാക്കി മാറ്റാൻ ലക്ഷ്യമിടുന്ന ഈ ഫ്ളാഗ്ഷിപ് പദ്ധതിക്കായി 400 കോടി രൂപ നീക്കിവച്ചത് ഏറെ സ്വാഗതാർഹമാണ്. ഇതിനൊപ്പം റെയർ എർത്ത് ആൻഡ് ക്രിട്ടിക്കൽ മിനറൽ കോറിഡോർ, ഏവിയേഷൻ ഹബ്, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, കേരള നോളജ് വാലി, കേരള ലൈഫ് ആൻഡ് ലൈഫ് സയൻസ് സിറ്റി, ടേബിൾ ഫർണിച്ചർ ഹബ് എന്നിവ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ നിർണായക മേഖലകളിലേക്കുള്ള നിക്ഷേപം വേഗത്തിലാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വലിയ ചുവടുവയ്പ്പ്: ജോയ് ആലുക്കാസ്

കൊച്ചി: തൃശൂർ മേഖല കേന്ദ്രീകരിച്ചു കേരളത്തെ ആഗോള സ്വർണാഭരണ ഹബ്ബാക്കി മാറ്റുമെന്ന ബജറ്റ് പ്രഖ്യാപനം ആഭരണ വ്യവസായ മേഖലയ്ക്ക് പുത്തനുണർവേകുമെന്ന് ജോയ് ആലുക്കാസ്. പ്രാരംഭ നടപടികൾക്കായി 10 കോടി രൂപയാണ് അനുവദിച്ചത്. നിക്ഷേപം ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടാനും ഉപകരിക്കുന്നതാണ് ഈ പ്രഖ്യാപനമെന്നും അദ്ദേഹം പറഞ്ഞു.

ബജറ്റിനെ സ്വാഗതം ചെയ്യുന്നു: ടി.എസ്. കല്യാണരാമൻ

കൊച്ചി: വളർച്ചയും വികസനവും മുൻനിർത്തി ദീർഘവീക്ഷണത്തോടെയുള്ള ബജറ്റിനെ സ്വാഗതം ചെയ്യുന്നുവെന്നു കല്യാൺ ജുവലേഴ്സ് എം.ഡി: ടി.എസ്. കല്യാണരാമൻ.
നിർദിഷ്ട പോർട്ട് സിറ്റി പദ്ധതിക്കു കേരളത്തെ ആഗോള സാമ്പത്തിക ഭൂപടത്തിൽ പ്രമുഖ സ്ഥാനത്തു പ്രതിഷ്ഠിക്കാനും വ്യാപാരം, നിക്ഷേപം, തൊഴിൽ എന്നിവയ്ക്കു പുതിയ അവസരങ്ങൾ തുറന്നുനൽകാനുമുള്ള ശേഷിയുണ്ട്. കൊച്ചി-തൃശൂർ ഇടനാഴിയെ ഗ്ളോബൽ ഗോൾഡ് ഹബ്ബ് ആയി വികസിപ്പിക്കാനുള്ള നിർദ്ദേശം സ്വർണാഭരണ വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമർഹിക്കുന്നതാണ്. തൃശൂർ നിലവിൽ ഇന്ത്യയുടെ സ്വർണതലസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഇടമാണ്. ശരിയായ അടിസ്ഥാന സൗകര്യങ്ങൾ, നയപരമായ പിന്തുണ, ആഗോള കണക്ടിവിറ്റി എന്നിവയുടെ ലഭ്യത രാജ്യാന്തര തലത്തിൽതന്നെ സ്വർണാഭരണ കരകൗശലവിദ്യയുടെയും നൂതനാശയങ്ങളുടെയും മികവിന്റെയും പ്രശസ്തമായ കേന്ദ്രമായി വളർന്നുവരാൻ തൃശൂരിനെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വികസന മുന്നേറ്റത്തിനു വേഗം നൽകുന്ന ബജറ്റ്: എം.എ. യൂസഫലി

കൊച്ചി: മുഖ്യമന്ത്രി വി.ഡി. സതീശൻ അവതരിപ്പിച്ച ആദ്യ ബജറ്റ് കേരളത്തിന്റെ വികസന മുന്നേറ്റത്തിന് ഊർജമേകുന്നതെന്നു നോർക്ക വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം. എ. യൂസഫലി. യുവ സംരംഭകർക്ക് ഉൾപ്പെടെ വലിയ പ്രതീക്ഷ നൽകുന്നതാണ് ബജറ്റ് പ്രഖ്യാപനങ്ങൾ. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷത്തിനു വേഗം നൽകുന്നതാണു പുതിയ പ്രഖ്യാപനങ്ങൾ. ഇൻവെസ്റ്റ് കേരളം സെൽ, നിക്ഷേപാനന്തര പിന്തുണ എന്നിവ നൽകുന്ന ഏകജാലക സംവിധാനം, ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും പദ്ധതി വിജയവും ഉറപ്പുനൽകുന്ന പ്രത്യേക സാമ്പത്തിക മേഖലയായ സ്പെഷൽ ഇൻവെസ്റ്റ്മെന്റ് സോൺ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് പോലുള്ള പ്രഖ്യാപനങ്ങൾ പ്രവാസികൾക്കും നിക്ഷേപകർക്കും മികച്ച പിന്തുണ നൽകുന്നതാണ്. കേരളത്തെ ദക്ഷിണേന്ത്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബ് ആക്കാനുള്ള തീരുമാനം വലിയ നിക്ഷേപങ്ങൾക്കു വഴിതുറക്കും-അദ്ദേഹം അഭിപ്രായപ്പെട്ടു.

കിം മാർക്ക്: അപ്പിൽ തള്ളി

കൊച്ചി: കിം റാങ്ക് പട്ടിക തയാറാക്കുന്നതിനു നോർമലൈസേഷൻ രീതി നടപ്പാക്കിയതു ചോദ്യംചെയ്യുന്ന ഹർജി തള്ളിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരായ അപ്പീൽ ഹർജികളും ഹൈക്കോടതി തള്ളി.
വിദ്യാഭ്യാസ ബോർഡുകൾ തമ്മിലുള്ള മാർക്ക് വ്യത്യാസം പരിഹരിക്കാൻ തമിഴ്നാട് മാതൃകയിൽ കൊണ്ടുവന്ന നോർമലൈസേഷൻ രീതി വിദഗ്ധ പഠനം നടത്താതെ നടപ്പാക്കിയതാണെന്നു ചൂണ്ടിക്കാട്ടി നൽകിയ ഹർജികൾ നേരത്തെ സിംഗിൾബെഞ്ച് തള്ളിയിരുന്നു. ഇതിനെതിരായ അപ്പീലുകളാണ് ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീകൃഷ്ണ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് തള്ളിയത്. പുതിയ രീതി പ്രകാരം തയാറാക്കിയ 2026-ലെ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ സി.ബി.എസ്.ഇ. വിദ്യാർഥികൾക്ക് ദോഷകരമാണെന്നായിരുന്നു വാദം.

ബാങ്ക് ഓഫ് ബറോഡ
Bank of Baroda

തൃപ്പൂണിത്തുറ സിറ്റി ശാഖ, 419/A1
ഗ്രോസ് മേവേഴ്സ്, ഹോസ്പിറ്റൽ റോഡ്,
തൃപ്പൂണിത്തുറ, എറണാകുളം- 682301
Ph: 0484-232777,
Email: vjtrth@bankofbaroda.com

സ്ഥാവര വസ്തുവിനെ സംബന്ധിച്ച ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുവിന്റെ ഇ- ലേല വിൽപ്പന നോട്ടീസ്

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിട്ടുള്ള സ്ഥാവര വസ്തു "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ- ലേല തീയതിയും സമയവും നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. ഷാക്കത്തലി. എ. എം., മിസ്. സൈനബ. വി, ശ്രീ. ഷഫീഖ്. എ. എം, എല്ലാവരും താമസം : പെരുമനപറമ്പിൽ വാവ മൻസിൽ, ചക്കുളം, സൗത്ത് പറവൂർ പി.ഒ , എറണാകുളം- 683307

കുടിശ്ശിക തുക: 21.04.2026 ലെ രൂപ 27,04,424.31 (ഇരുപത്തി ഏഴ് ലക്ഷത്തി നാലായിരത്തി നാനൂറ്റി ഇരുപത്തി നാല് രൂപ മുപ്പത്തി ഒന്ന് പൈസ) യും പലിശയും മറ്റ് ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിശദവിവരണം (ബാധ്യതയുള്ളതെങ്കിൽ അതുൾപ്പടെ): എറണാകുളം ജില്ല, കണായന്നൂർ താലൂക്ക്, മണകുന്നം വില്ലേജിൽ, റീ സർവ്വേ ബ്ലോക്ക് നം.19, റീ സർവ്വേ നമ്പർ. 668/8 & 668/8-6. പഴയ സർവ്വെ നമ്പർ.33/12A ൽ പെട്ട 1.38 ആർസ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും (നം 11/348A) അതിലുള്ള മറ്റു സകലവിധ അവകാശങ്ങളും കൂടിയുകൂന്നു. അതിരുകൾ: വടക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: സുകുമാരൻ വക വസ്തു, കിഴക്ക്: സുകുമാരൻ വക വസ്തു: പടിഞ്ഞാറ് സോമൻ വക വസ്തു

കരുതൽ വില: രൂപ 20,50,000/- (ഇരുപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)
നിരതദ്രവ്യം: രൂപ 2,05,000/- (രണ്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം)
ലേല വർദ്ധന തുക: രൂപ 10,000/- (പതിനായിരം രൂപ മാത്രം)
കൈവശമെടുത്ത രീതി: പ്രത്യക്ഷ കൈവശം
ഇ- ലേല വിൽപ്പന തീയതിയും സമയവും: 07-07-2026 ന് ഉച്ചയ്ക്ക് 2.00 മണിക്കും വൈകുന്നേരം 6.00 മണിക്കും മദ്ധ്യേ
വസ്തു പരിശോധന തീയതിയും സമയവും: 04-07-2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 3.00 മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി വെബ്സൈറ്റായ https://www.bankofbaroda.in/e-auction.htm കൂടാതെ ഓൺലൈൻ ഓക്ഷൻ പോർട്ടലായ https://baanknet.com. സന്ദർശിക്കുക. താൽപര്യമുള്ള ലോൺതിരിമകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാർ, ഫോൺ : 0484-2777232, മൊബൈൽ നം : 9446899459. ൽ ബന്ധപ്പെടാവുന്നതാണ്.

തീയതി : 19-06-2026
സ്ഥലം : എറണാകുളം
(ഒപ്പ്) ചീഫ് മാനേജർ & അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ബറോഡ.

CIRCLE CO - OPERATIVE UNION, N. PARAVUR
NOTICE INVITING TENDER

Sealed competitive tender in the prescribed form are given from experienced and financially sound contractors only for undertaking the following works
Name of work : construction of toilet block and wash area , in Circle co-operative union, N. paravur
Pac : 7.43 lakh , E M D : 18000.00, Tender cost: 1000 + 18% gst, Availability of tender : 22-6-2026 to 27-6-2026 , 2 pm, Last date for submission : 27-6-2026 3 pm, Tender opening date : 27-6-2026 4 pm
Tender form will be available from this office during office hours
N. Paravur For Secretary
DATE 20-6-26 CIRCLE CO-OPERATIVE UNION, N. PARAVUR

കേരള സർക്കാർ ദർഘാസുകൾ

പൊതു വിദ്യാഭ്യാസ വകുപ്പ്

വിൻഡോ നം : iprd 26/m 110 • ദർഘാസ് നം . GHB/26ML/26-27-1, GHB/26ML/26-27-2, GHB/26ML/26-27-3 • പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, ബളാൽ പി.ഒ, കാസർഗോഡ്671533 ഫോൺ- 7907586578 • ദർഘാസ്- മീഡിയ ലാബിന് നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരം ക്യാമറയും അനുബന്ധ ഉപകരണങ്ങളും, ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ, ഇന്റർ ആക്ടീവ് ബോർഡും ഓഡിയോറെക്കോർഡിങ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് • ദർഘാസ്ഫോറത്തിന്റെ വില : 660/-, 400/- , 400/- • നിരതദ്രവ്യം : 3285/-, 1000/-, 1725/- • ഫോറം വിൽക്കുന്ന അവസാനതീയതി:22/06/2026, 3 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി: 29/06/2026, 2 മണി • അടങ്കൽ : 6,01,000/-

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

വിൻഡോ നം:iprd 26/m111 • ദർഘാ